**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 784</u>** **<u>11-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിന് സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും ലഭിച്ച വായ്പ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡിന് സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിൽ നിന്നും നാളിതുവരെ എത്ര തുക വായ്പ അനുവദിച്ചിട്ടുണ്ട്; വായ്പയുടെ പലിശയും തിരിച്ചടവ് കാലാവധിയും നാളിതുവരെയുള്ള വായ്പ തിരിച്ചടവിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ? | (എ) | സാമൂഹ്യസുരക്ഷാ പെൻഷൻ ലിമിറ്റഡിന് 2018 ആഗസ്റ്റ് മാസം മുതൽ 2024 ഫെബ്രുവരി മാസം വരെ 12986.74 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. ടി വായ്പയ്ക്ക് നാളിതുവരെ 3974.63 കോടി രൂപ പലിശ ഇനത്തിൽ നൽകിയിട്ടുണ്ട്.<br><br>കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ഒരു വർഷ കാലാവധിയിൽ നിശ്ചിത പലിശ നിരക്കിലാണ് വായ്പകൾ നൽകി വന്നിട്ടുള്ളത്. ടി കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് തുക തിരികെ ആവശ്യപ്പെട്ടിട്ടുള്ള സംഘങ്ങൾക്ക് തിരികെ നൽകിയിട്ടുള്ളതും വായ്പ പുതുക്കുവാൻ ആവശ്യപ്പെട്ടിട്ടുള്ള സംഘങ്ങൾക്ക് സർക്കാർ ഉത്തരവിന് വിധേയമായി നിശ്ചിത പലിശ നിരക്കിൽ പുതുക്കി നൽകിയിട്ടുള്ളതുമാണ്. 2024 ഫെബ്രുവരി മാസം വരെ നൽകിയിട്ടുള്ള 12986.74 കോടി രൂപയിൽ 7006.81 കോടി രൂപ തിരികെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ